# ഇന്ത്യൻ ഭരണഘടന അവകാശങ്ങളും കർത്തവ്യങ്ങളും|

---

**Que.1.** ഭരണഘടനയിൽ നിർദേശകതത്വങ്ങൾ പ്രതിപാദിക്കുന്ന ഭാഗം ഏത്?

**Marks : (1)**

**Ans.** IV-ാം ഭാഗം

**Que.2.** ഭരണഘടനയിൽ മൗലികകർത്തവ്യങ്ങളെ കുറിച്ച് പ്രതിപാദിക്കുന്ന ഭാഗം ഏത്?

**Marks : (1)**

**Ans.** ഭാഗം IV A

**Que.3.** ഭരണഘടന വിഭാവനം ചെയ്യുന്ന മൗലിക കർത്തവ്യങ്ങൾ എഴുതുക?

**Marks : (4)**

**Ans.**

- ദേശീയഗാനത്തെ ബഹുമാനിക്കുക.
- ചരിത്രസ്മാരകങ്ങൾ സംരക്ഷിക്കുക.
- ജനങ്ങൾക്കിടയിൽ സൗഹൃദം വളർത്തുക.
- രാഷ്ട്രത്തിന്റെ ഐക്യവും അഖണ്ഡതയും കാത്ത് സൂക്ഷിക്കുക.
- പരിസ്ഥിതിസംരക്ഷിക്കുക.

(മൗലിക കർത്തവ്യങ്ങളിൽ 4എണ്ണം എഴുതുക)

**Que.4.** മതഭാഷാ ന്യൂനപക്ഷങ്ങൾക്ക് സ്വന്തം ഇഷ്ടപ്രകാരം വിദ്യാഭ്യാസ സ്ഥാപനങ്ങൾ ആരംഭിക്കുന്നതിനുള്ള അവകാശം ഏത് മൗലിക അവകാശത്തിൽപ്പെടുന്നു?

**Marks : (1)**

**Ans.** സാംസ്കാരികവും വിദ്യാഭ്യാസപരവുമായ അവകാശങ്ങൾ.

**Que.5.** അന്യായമായ അറസ്റ്റിനും തടങ്കലിനും എതിരായ സംരക്ഷണം ഏത് മൗലിക അവകാശത്തിൽ പ്പെടുന്നു?

**Marks : (1)**

**Ans.** സ്വാതന്ത്ര്യത്തിനുള്ള അവകാശം.

**Que.6.** പരിസ്ഥിതിദിനത്തിൽ സ്കൂൾ കുട്ടികൾ വൃക്ഷതൈ നടുന്നതുവഴി ഏത് മൗലികകർത്തവ്യമാണ് നിറവേറ്റുന്നത്?.

**Marks : (1)**

**Ans.** പരിസ്ഥിതി സംരക്ഷണം.

**Que.7.** മൗലികകർത്തവ്യങ്ങൾ എന്താണെന്ന് വിശദമാക്കുക?

**Marks : (2)**

**Ans.** രാഷ്ട്രത്തിന്റെ ഐക്യവും അഖണ്ഡതയും കാത്ത് സൂക്ഷിക്കുന്നതിന് പൗരന്മാർ രാഷ്ട്രത്തോട് ചില കടമകൾ നിറവേറ്റേണ്ടതുണ്ട്. ഈ കടമകളാണ് മൗലിക കർത്തവ്യങ്ങൾ.

**Que.8.** നിർദേശകതത്വങ്ങൾ എന്നതുകൊണ്ട് അർത്ഥമാക്കുന്നതെന്ത്?

**Marks : (2)**

**Ans.** നയരൂപീകരണവേളയിലും പദ്ധതി നടത്തിപ്പിലും രാഷ്ട്രം പരിഗണിക്കേണ്ടതും നടപ്പിലാക്കേണ്ടതുമായ നിർദേശങ്ങളാണ് നിർദേശകതത്വങ്ങൾ.

**Que.9.** "മൗലികകർത്തവ്യങ്ങൾ നിറവേറ്റുന്നതിലൂടെ മെച്ചപ്പെട്ട സമൂഹം സൃഷ്ടിക്കാൻ സാധിക്കും". ഈ പ്രസ്താവന സമർത്ഥിക്കുക.

**Marks : (3)**

**Ans.**

- രാജ്യത്തിന്റെ ഐക്യവും അഖണ്ഡതയും കാത്ത് സൂക്ഷിക്കുന്നതിന് പൗരന്മാർ രാഷ്ട്രത്തോട് ചെയ്യേണ്ട ഘടകങ്ങളാണ് മൗലിക കർത്തവ്യങ്ങൾ.
- ഭരണഘടനയെ പരിപാലിക്കുന്നതും പൗരന്മാർക്കിടയിൽ സൗഹാർദം വളർത്തേണ്ടതും രാഷ്ട്രത്തിന്റെ നിലനില്പിന് സഹായകമാകേണ്ടതും നമ്മുടെ ചുമതലയാണ്.
- ഇപ്രകാരം മെച്ചപ്പെട്ട സമൂഹം സൃഷ്ടിക്കാനും അതിന്റെ ഫലങ്ങൾ സമൂഹത്തിൽ എല്ലാവർക്കും ഉറപ്പ് വരുത്താനും കഴിയും.

**Que.10.** റിട്ടുകൾ എന്താണെന്ന് വ്യക്തമാക്കുക?

**Marks : (2)**

**Ans.** മൗലിക അവകാശങ്ങൾ പുനസ്ഥാപിക്കാൻ വേണ്ടി കോടതികൾ പുറപ്പെടുവിക്കുന്ന ഉത്തരവുകളാണ് റിട്ടുകൾ.

**Que.11.** A കോളത്തിന് യോജിച്ചവ B കോളത്തിൽ നിന്നും തെരഞ്ഞെടുത്ത് എഴുതുക.

| A | B |
|---|---|
| മൗലിക അവകാശങ്ങൾ | ഭാഗം IV A |
| നിർദേശകതത്വങ്ങൾ | ഭാഗം IV |
| മൗലിക കർത്തവ്യങ്ങൾ | ഭാഗം III |

**Marks : (3)**

**Ans.**

| A | B |
|---|---|
| മൗലിക അവകാശങ്ങൾ | ഭാഗം III |
| നിർദേശകതത്വങ്ങൾ | ഭാഗം IV |
| മൗലിക കർത്തവ്യങ്ങൾ | ഭാഗം IV A |

**Que.12.** ഇന്ത്യയെ ഒരു മതേതര രാജ്യമായി വിശേഷിപ്പിക്കുന്നതെന്തുകൊണ്ട്?

**Marks : (3)**

**Ans.**

- ഇന്ത്യക്ക് ഒരു ഔദ്യോഗിക മതമില്ല.
- ഒരുമതത്തേയും ഇന്ത്യ പ്രോത്സാഹിപ്പിക്കുന്നില്ല.
- മതസ്വാതന്ത്ര്യം ഭരണഘടന ഉറപ്പ് നൽകുന്നു.

**Que.13.** ഇന്ത്യൻ ഭരണഘടനയുടെ ഹൃദയവും ആത്മാവും എന്ന് ഡോ.ബി.ആർ.അംബേദ്കർ വിശേഷിപ്പിച്ച അവകാശം ഏത്? അതിന്റെ പ്രാധാന്യം എന്ത്?

**Marks : (3)**

**Ans.**

- ഭരണഘടനാപരമായ പരിഹാരം കാണാനുള്ള അവകാശം
- ഒരു വ്യക്തിക്ക് അവകാശം നിഷേധിക്കപ്പെട്ടാൽ അത് പുനസ്ഥാപിക്കുന്നതിന് സുപ്രീംകോടതിയേയൊ ഹൈകോടതിയേയൊ സമീപിക്കാം. റിട്ടുകൾ മുഖേന കോടതി മൗലിക അവകാശങ്ങൾ പുനസ്ഥാപിക്കുന്നു.

**Que.14.** സാമൂഹിക സമത്വം കൈവരിക്കുന്നതിനുവേണ്ടി നമ്മുടെ രാജ്യത്ത് ഗവൺമെന്റുകൾ സ്വീകരിച്ച പ്രധാനനടപടികൾ ഏവ?

**Marks : (3)**

**Ans.**

- തൊട്ടുകൂടായ്മ നിർത്തലാക്കൽ
- പട്ടികജാതി പട്ടികവർഗ്ഗ മറ്റ് പിന്നോക്ക വിഭാഗങ്ങൾക്കുള്ള സംവരണം
- സ്ത്രീകൾക്ക് പ്രത്യേക പരിഗണന


**Que.15.** താഴെ കൊടുത്തിരിക്കുന്നവയിൽ സമത്വത്തിനുള്ള അവകാശങ്ങളിൽപ്പെടാത്തത് ഏത്?

- തൊട്ടുകൂടായ്മ നിർത്തലാക്കൽ
- സ്ഥാനപ്പേരുകൾ നിർത്തലാക്കൽ
- അവസരസമത്വം
- ജീവനും വ്യക്തിസ്വാതന്ത്ര്യത്തിനുമുള്ള സംരക്ഷണം.

**Marks : (1)**

**Ans.** ജീവനും വ്യക്തിസ്വാതന്ത്ര്യത്തിനുമുള്ള സംരക്ഷണം.

**Que.16.** താഴെ കൊടുത്തിരിക്കുന്ന പദസൂര്യൻ പൂർത്തിയാക്കുക?




**Marks : (4)**

**Ans.**

- സമത്വത്തിനുള്ള അവകാശം
- സാംസ്കാരികവും വിദ്യാഭ്യാസപരവുമായ അവകാശം
- ചൂഷണത്തിനെതിരായുള്ള അവകാശം.
- ഭരണഘടനാപരമായ പരിഹാരത്തിനുള്ള അവകാശം

**Que.17.** മൗലിക അവകാശങ്ങളുടെ പ്രസക്തിയെ കുറിച്ച് ഒരു കുറിപ്പ് തയ്യാറാക്കുക .

**Marks : (3)**

**Ans.** ഒരു വ്യക്തിക്ക് ഒരു കാരണവശാലും നിഷേധിക്കപെടാൻ പാടില്ലാത്ത അവകാശങ്ങളാണ് മൗലിക അവകാശങ്ങൾ. അവ ഒരു വ്യക്തിയുടെ സമ്പൂർണ്ണ വികസനത്തിന് ഒഴിച്ചുകൂടാൻ പറ്റാത്തതാണ്. അന്തസുള്ള ജീവിതം നയിക്കുന്നതിന് അത്യന്താപേക്ഷിതമാണ്.

**Que.18.** ഇന്ത്യൻ ഭരണഘടന ഉറപ്പ് നൽകുന്ന ലക്ഷ്യങ്ങൾ കൈവരിക്കുന്നതിനുവേണ്ടി അതിൽ ഉൾപ്പെടുത്തിയിരിക്കുന്ന വ്യവസ്ഥകൾ എന്തെല്ലാം?

**Marks : (3)**

**Ans.**

- മൗലിക അവകാശങ്ങൾ
- നിർദേശകതത്വങ്ങൾ
- മൗലിക കർത്തവ്യങ്ങൾ

**Que.19.** ഇന്ത്യൻ ഭരണഘടന വിഭാവനം ചെയ്യുന്ന ലക്ഷ്യങ്ങൾ എന്തെല്ലാം?

**Marks : (4)**

**Ans.**

- സാമ്പത്തികവും സാമൂഹികവും രാഷ്ട്രീയവുമായ നീതി.
- പദവിയിലും അവസരത്തിലും സമത്വം.
- വ്യക്തിയുടെ അന്തസും രാഷ്ട്രത്തിന്റെ ഐക്യവും അഖണ്ഡതയും ഉറപ്പ് വരുത്തികൊണ്ട് സാഹോദര്യം പുലർത്തുക.
- ചിന്തകൾക്കും ആശയപ്രകടനത്തിനും വിശ്വാസത്തിനും മതനിഷ്ടക്കും ആരാധനക്കുമുള്ള സ്വാതന്ത്ര്യം.

**Que.20. Aകോളത്തിന് യോജിച്ചവ Bകോളത്തിൽ നിന്നും തിരഞ്ഞെടുത്തെഴുതുക.**

| A | B |
|---|---|
| a) സ്വാതന്ത്ര്യത്തിനുള്ള അവകാശം | മതവിഭാഗങ്ങൾക്ക് മതജീവകാരുണ്യ സ്ഥാപനങ്ങൾ സ്ഥാപിക്കാനുള്ള സ്വാതന്ത്ര്യം |
| b) സമത്വത്തിനുള്ള അവകാശം | ബാലവേല നിരോധനം |
| c) മതസ്വാതന്ത്ര്യത്തിനുള്ള അവകാശം | സംഘടനകൾ രൂപീകരിക്കാനുള്ള സ്വാതന്ത്ര്യം |
| d) ചൂഷണത്തിനെതിരായുള്ള അവകാശം | സ്ത്രീ-പുരുഷ സമത്വം |

**Marks : (4)**

**Ans.**

| A | B |
|---|---|
| a) സ്വാതന്ത്യത്തിനുള്ള അവകാശം | സംഘടനകൾ രൂപീകരിക്കാനുള്ള സ്വാതന്ത്യം |
| b) സമത്വത്തിനുള്ള അവകാശം | സ്ത്രീ-പുരുഷ സമത്വം |
| c) മതസ്വാതന്ത്യത്തിനുള്ള അവകാശം | മതവിഭാഗങ്ങൾക്ക് മതജീവകാരുണ്യ സ്ഥാപനങ്ങൾ സ്ഥാപിക്കാനുള്ള സ്വാതന്ത്യം |
| d)ചൂഷണത്തിനെതിരായുള്ള അവകാശം | ബാലവേല നിരോധനം |

**Que.21.** ചൂഷണത്തിനെതിരായുള്ള അവകാശം ഏതെല്ലാം രീതിയിലാണ് പൗരന്മാരെ സംരക്ഷിക്കുന്നത്?

**Marks : (2)**

**Ans.**

- സാമ്പത്തിക ,സാമൂഹികചൂഷണങ്ങൾ തടയുന്നു.
- ബാലവേല, നിർബന്ധിതതൊഴിൽ, മനുഷ്യകച്ചവടം എന്നിവ നിരോധിച്ചിരിക്കുന്നു

**Que.22.** മഹാത്മാഗാന്ധിയുടെ ഏതൊക്കെ ആശയങ്ങളാണ് നിർദേശകതത്വങ്ങളിൽ ഉൾപ്പെടുത്തിയിട്ടുള്ളത്?

**Marks : (3)**

**Ans.**

- ഗ്രാമപഞ്ചായത്ത് സംഘടിപ്പിക്കൽ
- കുടിൽ വ്യവസായം പ്രോത്സാഹിപ്പിക്കൽ
- ലഹരി വസ്തുക്കളുടെ നിരോധനം

**Que.23.** ഭാഷ, ലിപി, സംസ്കാരം എന്നിവയുടെ സംരക്ഷണം ഏത് മൗലിക അവകാശത്തിൽപ്പെടുന്നു?.

**Marks : (1)**

**Ans.** സാംസ്കാരികവും വിദ്യാഭ്യാസപരവുമായ അവകാശം

**Que.24.** 6 മുതൽ 14 വയസ് വരെയുള്ള എല്ലാ കുട്ടികൾക്കും നിർബന്ധിതവും സൗജന്യവുമായ വിദ്യാഭ്യാസത്തിനുള്ള അവകാശം ഉണ്ട്. ഇത് ഏത് മൗലിക അവകാശത്തിൽപ്പെടുന്നു?

**Marks : (1)**

**Ans.** സ്വാതന്ത്ര്യത്തിനുള്ള അവകാശം